(ബി) എങ്കിൽ ഇതിനായി [illegible] സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി എത്രയും [illegible] വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്മാരക നിർമ്മാണം [illegible] പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

[illegible]

(എ) ഉണ്ട്.

(ബി) കെ. രാഘവൻ മാസ്റ്ററുടെ സ്മാരകശിലയ്ക്ക് നിർമ്മിക്കുന്നതിന് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ച് സർക്കാർ 15 ലക്ഷം രൂപ തലശ്ശേരി നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്. രാഘവൻ മാസ്റ്ററുടെ പ്രതിമ നിർമ്മിക്കുന്നതിന് നഗരസഭ ശിൽപിയെ ചുമതലപ്പെടുത്തുകയും പ്രവൃത്തിയുമായി ബന്ധപ്പെട്ട കരട് എസ്റ്റിമേറ്റ് ശിൽപി നഗരസഭയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രതിമ നിർമ്മാണത്തിന് 25.50 ലക്ഷം രൂപയും അനുബന്ധ പ്രവൃത്തിക്ക് 15 ലക്ഷം രൂപയുമാണ് [illegible] നഗരസഭ നീക്കിവച്ചിട്ടുള്ളത്.

(ഡി) സ്മാരക നിർമ്മാണം [illegible] പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കവി കുഞ്ഞുണ്ണി മാസ്റ്റർക്ക് സ്മാരകം

67 (1435) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നാർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകത്തിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് അനുവദിച്ചതെന്നും എത്രയാണ് തുകയെന്നും അറിയിക്കുമോ ;

(ബി) വലപ്പാട്ട് കുഞ്ഞുണ്ണി മാസ്റ്റർ [illegible] സ്മാരക നിർമ്മാണത്തിന് അനുവദിച്ച സ്ഥലത്ത് സർക്കാർ അനുവദിച്ച [illegible] ഉപയോഗിച്ച് എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ടോ : ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിനുള്ളിൽ സ്മാരക കമ്മിറ്റിയെ നിയമിച്ചിരുന്നുവോ ; ഉണ്ടെങ്കിൽ കുഞ്ഞുണ്ണി സ്മാരക നിർമ്മാണം നടത്താത്തതിൽ ഈ ഭരണസമിതിക്ക് എന്തെങ്കിലും ഉത്തരവാദിത്തമുണ്ടോ എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വലപ്പാട് കുഞ്ഞുണ്ണി മാഷ് സ്മാരക സമിതിയുടെ വിവിധ പ്രവർത്തനങ്ങൾക്ക് സർക്കാർ 25-3-2013-ലെ സ.ഉ. (സാധാ) നമ്പർ 153/13/ സി.എ.ഡി. ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) വലപ്പാട്ട് കുഞ്ഞുണ്ണി മാസ്റ്ററുടെ കുടുംബം കേരള സാഹിത്യ അക്കാദമിക്ക് വിട്ടു നൽകിയ ഭൂമിയിൽ കവിയുടെ സ്മാരകം നിർമ്മിക്കുന്നതിന് ശ്രീ. റ്റി. എൻ. പ്രതാപൻ എം.എൽ.എ. അദ്ധ്യക്ഷനായി സർക്കാർ രൂപീകരിച്ച കുഞ്ഞുണ്ണി മാഷ് സ്മാരക സമിതിക്ക് സാഹിത്യ അക്കാദമി പെർമിസീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ സ്മാരക നിർമ്മാണത്തിന് വിശദമായ പ്രോജക്ടും എസ്റ്റിമേറ്റും സർക്കാരിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

എൻ. എൻ. കക്കാട് സ്മാരക നിർമ്മാണം

68 (1436) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ മഹാകവി എൻ. എൻ. കക്കാടിന് ജന്മദേശത്ത് സ്മാരകം പണിയുമെന്ന പ്രഖ്യാപനത്തെതുടർന്ന് ഗ്രാമപഞ്ചായത്ത് ഭൂമി ലഭ്യമാക്കുകയും കേരള സാഹിത്യ അക്കാഡമി സ്മാരക കെട്ടിടത്തിന്റെ വിശദമായ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുകയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്മാരകത്തിന് ഭരണാനുമതിനൽകി കെട്ടിട നിർമ്മാണ നടപടികൾക്കായി നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത ബഡ്ജറ്റിൽ സ്മാരക നിർമ്മാണത്തിനുള്ള ശുപാർശ ഉൾപ്പെടുത്തുവാൻ കേരള സാഹിത്യ അക്കാദമിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.